# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *111 | 21.03.2013-ൽ മറുപടിയ്ക്ക്

## ഇൻഫ്രാസ്ട്രക്ചർ നിയമം രൂപീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാലോട് രവി**<br>**,, ബെന്നി ബെഹനാൻ**<br>**,, അൻവർ സാദത്ത്**<br>**,, ഷാഫി പറമ്പിൽ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗതാഗത അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ഗതാഗത അടിസ്ഥാന സൗകര്യവികസന പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണം തടസ്സപ്പെടുത്തുന്ന ഭൂമി ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസവും വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലമുണ്ടാകുന്ന തടസ്സങ്ങളും പരിഹരിക്കുന്നതിന് റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് പോളിസി നടപ്പിൽ വരുത്തുകയും, പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ്, വൈദ്യുതി വകുപ്പ്, വനംവകുപ്പ് മുതലായ വകുപ്പുകളുടെയും, ബി.എസ്.എൻ.എൽ, വാട്ടർ അതോറിറ്റി മുതലായ സർക്കാരിതര ഏജൻസികളുടെയും ഏകോപനം ഉണ്ടാക്കി പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന റോഡ് ഗതാഗത പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി കെ.എസ്.ടി.പി രൂപീകരിച്ച് റോഡ് പദ്ധതികൾ നടത്തിവരുന്നു. കെ.എസ്.ടി.പി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 254 കി.മീ റോഡിന്റെ അപ്ഗ്രഡേഷനും 1200 ഓളം കി.മി റോഡിന്റെ ഹെവി മെയിന്റനൻസും നടപ്പിലാക്കി. കെ.എസ്.ടി.പി ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണത്തെ തുടർന്ന് കെ.എസ്.ടി.പി രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി 363 കി.മീ റോഡുകൾ ലോകബാങ്ക് സഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ദേശീയപാതകൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിലേയ്ക്കായി ദേശീയപാത വികസന പദ്ധതി (എൻ.എച്ച്.ഡി.പി) ആവിഷ്കരിച്ചിട്ടുണ്ട്. അനുപ്രകാരം ദേശീയപാത 17 ഉം 47 ഉം സർവ്വീസ് റോഡോടു കൂടിയ നാലുവരി പാതയായി ബി.ഒ.റ്റി വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനായി ദേശീയപാത വികസന അതോറിറ്റിയെ ഏൽപിച്ചിട്ടുണ്ട്. മറ്റ് അഞ്ച് ദേശീയപാതകളായ എൻ.എച്ച്.49, 208, 212, 213, 220 എന്നിവ പേവ്ഡ് ഷോൾഡറോടു കൂടിയ രണ്ടുവരി പാതയായി പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (പി.പി.പി) മോഡിൽ വികസിപ്പിക്കുന്നതിന് |

സാധ്യതാ പഠനങ്ങൾ നടത്തിവരുന്നു.

ഗതാഗത അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണം നടത്തുന്നതിന് സാധനസാമഗ്രികളുടെയും പ്രവൃത്തികളുടെയും ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതുണ്ട്. ആയതിനാൽ 11 ജില്ല കളിൽ ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് മൂന്നു ജില്ലകളിൽ മേഖലാതല ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി 10.98 കോടി രൂപയുടെ വിശദമായ പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചി ട്ടുള്ളത് വിശദമായി പരിശോധിച്ചുവരുന്നു.

(ബി) ആയതിനായി സംസ്ഥാനത്ത് ഇൻഫ്രാസ്ട്രക്ചർ നിയമം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദ മാക്കുമോ ;

(സി) നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ഡി) നിയമം രൂപീകരിക്കുന്നതിനായി എന്തെല്ലാം പ്രാരംഭ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ?

**(ബി), (സി) & (ഡി) :**

ഉണ്ട്. സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് അനുകൂലമായ സാഹചര്യം നൽകുക, ഇതിനായി രൂപകല്പന, നിർമ്മാണചെലവ്, പദ്ധതികളുടെ നടത്തിപ്പ്, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച് പൊതു സ്വകാര്യ മേഖലകളുടെ സഹകരണം ഉറപ്പാക്കുക, ഇക്കാര്യം സംബന്ധിച്ച തെര ഞ്ഞെടുക്കലിനും നടത്തിപ്പിനുമുള്ള രൂപരേഖ തയ്യാറാക്കുക എന്നിവയാണ് ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ ഫിനാൻസ് സെൽ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവല പ്മെന്റ് ബിൽ, 2012-ന്റെ കരട് തയ്യാറാക്കി എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും നിർദ്ദേശങ്ങൾ ക്കായി നൽകിയിരുന്നു. വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യ ക്ഷതയിൽ 05.01.2013-ൽ വിവിധ വകുപ്പ് സെക്രട്ടറിമാരുടെ യോഗം കൂടി പ്രസ്തുത ബിൽ ചർച്ച ചെയ്തു. യോഗത്തിൽ ഉയർന്നുവന്ന, വിവിധ വകുപ്പുകളുടെ നിർദ്ദേശങ്ങൾ ക്രോഡീ കരിച്ച് വ്യവസായ വകുപ്പ് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇൻഫ്രാസ്ട്രക്ചർ ബില്ലിന്മേലുള്ള തുടർ നടപടികൾ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡാണ് സ്വീകരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**